നമ്പർ:ആർ1–1138/2018 തീയതി : 06.11.2023

# പന്തളം നഗരസഭ

## *വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം*

കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ബി) വകുപ്പ് പുറപ്പെടുവിച്ച സ.ഉ (അച്ചടി) നം 26/2023/തസ്വഭവ തീയതി 05/04/2023 പ്രകാരവും പന്തളം നഗരസഭാ കൗൺസിലിന്റെ 24/07/2023–ലെ 1(2)–ാം നമ്പർ തീരുമാനപ്രകാരവും വസ്തുനികുതി നിർണ്ണയിക്കുന്നതിനായി കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ചും, വിസ്തൃതിയുടെയും, മേഖലകളുടെയും അടിസ്ഥാനത്തിലും നികുതി നിരക്കുകൾ നിശ്ചയിച്ച് താൽക്കാലികമായി അംഗീകരിച്ച് 30/07/2023–ാം തീയതിയിൽ കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത കരട് വിജ്ഞാപനത്തിന്മേൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് പൊതു ജനങ്ങൾക്ക് അവസരം നൽകിയിരുന്നു. ടി നിരക്കുകളും, മേഖലകളും സംബന്ധിച്ച് ആക്ഷേപങ്ങളോ, അഭിപ്രായങ്ങളോ യാതൊന്നും ഈ ഓഫീസിൽ ലഭിച്ചിട്ടില്ലാത്തതിനാൽ പന്തളം നഗരസഭാ കൗൺസിലിന്റെ 17/10/2023–ലെ 1(1)–ാം നമ്പർ തീരുമാനപ്രകാരം ടി വസ്തുനികുതി നിരക്കുകളും മേഖലകളും അന്തിമമായി അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ താഴെ പട്ടികയിൽ വിവരിക്കുന്ന പ്രകാരവും തുടർന്നുള്ള ഓരോ വർഷത്തിലും 5 ശതമാനം നിരക്കിൽ ക്രമാനുഗതമായ വർദ്ധനവ് വരുത്തിയും ഇതിനാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

| ക്രമ നം | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | നിരക്ക് |
|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| a | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങള്, ഹോം സ്റ്റേ (ഉമടസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികള് വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങള്) – 300 ച.മീ വരെയുള്ളവ | 12 |
| b | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങള്, ഹോം സ്റ്റേ (ഉമടസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികള് വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങള്) – 300 ച.മീ മുകളിലുള്ളവ | 14 |
| c | സ്വകാര്യ ഹോസ്റ്റൽ | 70 |
| d | റിസോർട്ട് | 95 |
| e | ലോഡ്ജ്, ഹോട്ടൽ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ – 300 ച.മീ വരെയുള്ളവ | 60 |
| f | ലോഡ്ജ്, ഹോട്ടൽ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ – 300 ച.മീറ്ററിന് മുകളിലുള്ളവ | 70 |
| 2 | വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ (ഇവയുടെ ആവശ്യത്തിനായുള്ള ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | |
| a | i)പരമ്പരാഗത വ്യവസായ യൂണിറ്റുകള് (കൈത്തറി ഷെഡ്, കയറുപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, മൺപാത്ര നിർമ്മാണ ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, കൈത്തൊഴിൽ ഷെഡ് ഉൾപ്പെടെ) | 17 |
| | ii) കോഴിവളർത്തല് ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്ഷെഡ്, സ്റ്റോറേജ് ഷെഡ് | 12 |
| | iii) ഇഷ്ടികച്ചൂള, തടിമിൽ | 35 |
| b | MSME Act 2006 പ്രാകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | |
| | a) Microsector | 15 |
| | b) Small Sector | 15 |
| | c) Medium Sector | 27 |
| c | ഇതര വ്യവസായത്തിനുള്ളവ | 65 |
| 3 | വിദ്യാലയങ്ങൾക്കോ ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| a | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ (വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാൻറീന് തുടങ്ങിയവ ഉൾപ്പെടെ) | 15 |
| | കുറിപ്പ് – കെട്ടിടങ്ങള് വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ വാടയ്ക്ക് നൽകുന്നതല്ലെന്നും അങ്ങനെ നൽകുന്ന പക്ഷം അപ്രകാരം നൽകുന്ന തീയതി മുതൽ അതത് കാലങ്ങളില് വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതി ഒടുക്കിക്കൊള്ളാമെന്ന് കെട്ടിട ഉടമ/മാനേജ്മെൻറ് സത്യവാങ്മൂലം നൽകേണ്ടതാണ്. | |
| b | ആശുപത്രി | 30 |
| 4 | അമ്യൂസ്മെൻറ് പാർക്കുകള്, മൊബൈൽ ടെലിഫോണ് ടവർ എന്നിവയ്ക്കുമായി | |

| | | |
|---|---|---|
| | ഉപയോഗിക്കുന്നവ | |
| a | അമ്യൂസ്മെൻറ് പാർക്ക് | 45 |
| b | മൊബൈൽ ടെലഫോൺ ടവര് | 700 |
| c | ടെലികമ്മ്യൂണിക്കേഷൻ പോളുകള് (ഓരോന്നിന്) | 550 |
| 5 | വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| a | 100 ച.മീ വരെയുള്ളവ | 75 |
| b | 100 ച.മീ മുകളിൽ 500 ച.മീറ്ററിന് വരെയുള്ളവ | 85 |
| c | 500 ച.മീറ്ററിന് മുകളിലുള്ളവ | 100 |
| d | മാളുകൾ | 120 |
| e | സ്വതന്ത്രമായി നിൽക്കുന്നതും മാറ്റി സ്ഥാപിക്കാനാകുന്നതുമായ ബങ്കുകൾ, പെട്ടികടകൾ | 10 |
| 6 | മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ | |
| a | അസംബ്ലി ബിൽഡിംഗ് (കൺവെൻഷന് സെൻറര്, ഓഡിറ്റോറിയം, സിനിമ തിയേറ്റർ, കല്യാണമണ്ഡപം തുടങ്ങിയവ ഉൾപ്പെടെ | 60 |
| b | | |
| | ഓഫീസ് കെട്ടിടങ്ങൾ | |
| | i) സർക്കാര് ഓഫീസുകള് | 15 |
| | ii) മറ്റ് ഓഫീസകുകൾ | 75 |
| c | ഗോഡൗൺ ഉൾപ്പെടെയുള്ള സ്റ്റോറേജ് കെട്ടിടങ്ങള് | |
| | i) 500 ച.മീ വരെയുള്ളവ | 75 |
| | i i) 500 ച.മീ മുകളിലുള്ളവ | 95 |
| d | സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകള് | |
| | i) ഫീസ് നൽകി പൊതു ജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/ വാണിജ്യ സ്വഭാവത്തോട്ടു കൂടിയവ | 45 |
| | കുറിപ്പ്: വാസഗൃഹങ്ങളുടെ ഭാഗമായോ, ഹോട്ടലുകളുടെ ഭാഗമായോ നിർമ്മിച്ചിട്ടുള്ള പൂളുകള്, ജിംനേഷ്യങ്ങൾ, ടർഫുകല് എന്നിവയ്ക്ക് അതാത് വിഭാഗത്തിൻറെ നികുതി നിരക്ക് ബാധകമായിരിക്കും | |
| e | ആയുർവ്വേദ സുഖ ചികിത്സാ കേന്ദ്രങ്ങള് | 185 |

**<u>പ്രാഥമിക മേഖല 1</u>**

തേവാലപ്പടി തെക്കോട്ട് കരണ്ടയിൽ കാവ് ജംഗ്ഷനിൽ കിഴക്കോട്ട് എസ്.എൻ.ഡി.പി മന്ദിരം ജംഗ്ഷൻ – കിഴക്കോട്ട് – കനാൽ റോഡ് – തെക്കോട്ട് കുരിക്കാലയിൽ ജംഗ്ഷനിൽ നിന്ന് തെക്കോട്ട് ആമപ്പുറം റോഡ് കിഴക്കോട്ട് നൂറനാട് റോഡ് തടിമിൽ ജംഗ്ഷനിൽ നിന്ന് കിഴക്കോട്ട് എം സി റോഡിൽ നിന്ന് വടക്കോട്ട് വില്ലേജാഫീസ് കിഴക്കോട്ട് – ചാങ്ങേത്ത് ആശുപത്രി ജംഗ്ഷനിൽ നിന്ന് കിഴക്കോട്ട് വാരണപ്പള്ളിൽ ജംഗ്ഷനിൽ നിന്ന് വടക്കോട്ട് കടക്കാട് കൃഷ്ണക്ഷേത്രം ജംഗ്ഷനിൽ നിന്ന് വടക്കോട്ട് കൃഷിഭവന് പിറകുവശം റോഡ് – വടക്കോട്ട് മാവേലിക്കര പന്തളം റോഡിൽ പടിഞ്ഞാറോട്ട് കടക്കാട് ജംഗ്ഷൻ – ഉളമയിൽ – വേദി ജംഗ്ഷൻ പടിഞ്ഞാറോട്ട് തോന്നല്ലൂർ ദേവീക്ഷേത്രം ജംഗ്ഷൻ– കോയിക്കൽ ജംഗ്ഷൻ പടിഞ്ഞാറോട്ട് അച്ചൻകോവിലാറിന് തെക്ക് വശം ചക്കാലക്കുഴി – മൂപ്പുകണ്ടത്തിൽ – നിരവത്ത് – തേവാലപ്പടി ജംഗ്ഷൻ വരെയുള്ള സർക്കിളിനുള്ളിൽ ആകെയും അതിന്റെ പുറത്ത് അമ്പത് മീറ്റർ പരിധി വരേയും.

<u>പ്രാഥമിക മേഖല 2</u>

1. എം സി റോഡിൽ ഇരുവശത്തും നിന്നും 150 മീറ്റർ പരിധി (എന്നാൽ ടി റോഡിൽ എൻ എസ് എസ് മെഡിക്കൽ മിഷൻ ജംഗ്ഷൻ മുതൽ ചിത്രാ ഹോസ്പിറ്റൽ ജംഗ്ഷൻ വരെ റോഡിന് കിഴക്ക് ഭാഗം 100 മീറ്റർ പരിധിയേ ബാധകമാകൂ).
2. മാവേലിക്കര– പത്തനംതിട്ട റോഡിൽ ഇരുവശത്തു നിന്നും 150 മീറ്റർ പരിധി (എന്നാൽ കടക്കാട് ജംഗ്ഷൻ മുതൽ കിഴക്കോട്ട് നഗരസഭാ അതിർത്തി വരെ ടി റോഡിന് ഇരുപുറത്തും നൂറ് മീറ്റർ പരിധി മാത്രമേ ബാധകമാകൂ).
3. പൂഴിക്കാട്– മുട്ടാർ റോഡിൽ ഇരുവശത്തു നിന്നും 100 മീറ്റർ പരിധി.
4. പൂഴിക്കാട്– പുത്തൻകാവ് റോഡിൽ ഇരുവശത്തു നിന്നും 100 മീറ്റർ പരിധി.
5. കുരമ്പാല ജംഗഷൻ– കീരുകുഴി റോഡിൽ ഇരുവശത്തു നിന്നും 100 മീറ്റർ പരിധി.

6. കുരമ്പാല – തണ്ടാണിവിള റോഡിൽ പറയന്റയ്യത്ത് ജംഗ്ഷൻ വരെ ഇരുവശത്തു നിന്നും 100 മീറ്റർ പരിധി.
7. എൻ എസ് എസ് മെഡിക്കൽ മിഷൻ ജംഗ്ഷൻ– നൂറനാട് റോഡിൽ ഇരുവശത്തു നിന്നും 100 മീറ്റർ പരിധി.
8. ശങ്കരത്തിൽപ്പടി– മാവര റോഡിൽ ഇരുവശത്തു നിന്നും 50 മീറ്റർ പരിധി.
9. ചക്കാലവട്ടം – അറത്തി മുക്ക് റോഡിൽ ഇരുവശത്തു നിന്നും 50 മീറ്റർ പരിധി.
10. മഹാദേവ ക്ഷേത്രം– മങ്ങാരം റോഡിൽ ഇരുവശത്തു നിന്നും 50 മീറ്റർ പരിധി.
11. കുന്നിക്കുഴി– സ്തുതിക്കാട്ടേത്ത് റോഡിൽ ഇരുവശത്തു നിന്നും 50 മീറ്റർ പരിധി.
12. മുടിയൂർകോണം അമ്പലം ജംഗ്ഷൻ– കരയത്ത് റോഡിൽ ഇരുവശത്തു നിന്നും 50 മീറ്റർ പരിധി.
13. പൂളയിൽ മുക്ക്– ചേരിക്കൽ റോഡിൽ ഇരുവശത്തു നിന്നും 50 മീറ്റർ പരിധി.

<u>ദ്വിതീയ മേഖല</u>

പ്രാഥമിക മേഖലയിലും, തൃതീയ മേഖലയിലും ഉൾപ്പെടാത്ത നഗരസഭയിലെ എല്ലാ ഭൂപ്രദേശങ്ങളും.

<u>ത്രിതീയ മേഖല</u>

അംഗീകൃത സെറ്റിൽമെന്റ് കോളനികൾ.

<u>റോഡുകൾ</u>

1. ആസ്തി രജിസ്റ്റർ പ്രകാരം അഞ്ചു മീറ്റർ വീതിയുള്ള എല്ലാ റോഡുകളിൽ നിന്നും നേരിട്ട് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് 20 ശതമാനം വർധന.

സേവന നികുതി 14 ശതമാനം.

**സെക്രട്ടറി,**
**പന്തളം നഗരസഭ.**